**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 259

09 .07.2015-ൽ
മറുപടിയ്ക്ക്

**'ഭൂമിയുടെ ന്യായവില'**

**ചോദ്യം**
ശ്രീ. ലൂഡി ലൂയിസ്
ശ്രീ. പി. സി. വിഷ്ണുനാഥ്
ശ്രീ. എ. റ്റി ജോർജ്
ശ്രീ. ടി. എൻ. പ്രതാപൻ

**മറുപടി**
ശ്രീ. അടൂർ പ്രകാശ്
റവന്യൂവും കയറും വകുപ്പ് മന്ത്രി

(എ) ഭൂമിയുടെ ന്യായ വില പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ;

(എ) 06/03/2010-ൽ ഭൂമിയുടെ ന്യായവില പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. 01/04/2010 മുതൽ പ്രാബല്യത്തിൽ വന്ന ന്യായ വിലയിൽ 14/11/2014-ലെ ജി. ഒ. (പി) നം. 188/14/റ്റി ഡി. നമ്പർ ഉത്തരവ് പ്രകാരം 50% വർദ്ധനവ് വരുത്തിയിട്ടുണ്ട്.

(ബി) നിശ്ചയിക്കപ്പെട്ട ന്യായവില അപര്യാപ്തമാണെങ്കിൽ അപ്പീൽ നൽകാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിൽ ഉള്ളത്;

(ബി) കേരള മുദ്രപത്ര നിയമം 28 എ 4-ാം ഉപവകുപ്പിൽ ഭേദഗതി വരുത്തികൊണ്ട് അന്തിമ ന്യായവില സംബന്ധിച്ച അപ്പീലുകൾ സമർപ്പിക്കുന്നതിനുള്ള കാലപരിധി വിജ്ഞാപന തീയതി മുതൽ 30 ദിവസം എന്നത് ഒരു വർഷമായി നീട്ടുകയും മതിയായ കാരണമുണ്ടെന്ന് ബോദ്ധ്യപ്പെടുന്ന സംഗതികളിൽ ഒരു വർഷത്തിനു ശേഷം സമർപ്പിക്കപ്പെടുന്ന അപ്പീലുകളും പരിഗണിക്കുവാൻ വ്യവസ്ഥ ചെയ്യുകയും ചെയ്തു. അപ്പീലിൽ കളക്ടറുടെ ഉത്തരവിൽ അതൃപ്തി ഉള്ളവർക്ക് റിവ്യു ഹർജി സമർപ്പിക്കുന്നതിന് കേരള മുദ്രപ്പത്ര നിയമം 28 എ വകുപ്പിൻെറ (5) ഉപവകുപ്പിൽ വ്യവസ്ഥയുണ്ട്. (വിശദീകരണക്കുറിപ്പ് ഉള്ളടക്കം ചെയ്യുന്നു).

(സി) അപ്പീൽ നല്കുന്നതിനുള്ള സമയപരിധി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ ?

(സി) & (ഡി) കേരള മുദ്രപ്പത്ര നിയമം 28 എ വകുപ്പിൻെറ ഉപവകുപ്പ് (4) പ്രകാരം ന്യായവില വിജ്ഞാപനം ചെയ്ത് ഒരു വർഷത്തിനുള്ളിൽ അപ്പീൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ, ഒരു വർഷത്തെ നിശ്ചിത കാലാവധിക്കു ശേഷം സമർപ്പിക്കുന്ന അപ്പീലുകളും സമയത്ത് അപേക്ഷ സമർപ്പിക്കാത്തതിൻെറ കാരണം ന്യായയുക്തമാണെങ്കിൽ 28 എ വകുപ്പിൻെറ ഉപവകുപ്പ് (4) ൻെറ പ്രൊവിസോ പ്രകാരം കളക്ടർക്ക് നടപടി സ്വീകരിയ്ക്കാവുന്നതാണ്. 2013-ലെ ഫിനാൻസ് ആക്റ്റ് പ്രകാരം ഇപ്രകാരം അപ്പീൽ കാലാവധിയിൽ ഇളവു നൽകിക്കഴിഞ്ഞ സാഹചര്യത്തിൽ സമയപരിധി വീണ്ടും വർദ്ധിപ്പിക്കേണ്ടതായ ആവശ്യമില്ല.

സെക്ഷൻ ഓഫീസർ